## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2307** 05.12.2018 -ൽ മറുപടിക്ക്.

**ബി.പി.എൽ ലിസ്റ്റിൽ മാരകരോഗബാധിതരുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ് ബിജിമോൾ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ചതും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാത്തവരുമായവർക്ക് സർക്കാരിന്റെ ഭക്ഷ്യസുരക്ഷ പദ്ധതി, സൗജന്യ ചികിത്സ തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും മാരക രോഗങ്ങൾ ബാധിച്ചവരെയും നിരന്തര ചികിത്സ ആവശ്യമുള്ളവരേയും, ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അവർ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും 'സ്റ്റേറ്റ് പ്രയോരിറ്റി' എന്ന വിഭാഗത്തിൽപ്പെടുത്തി ചികിത്സാ ആനുകൂല്യം നൽകണമെന്ന് കേരളാ ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 (ചട്ടം 5) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് അനുസൃതമായി ആരോഗ്യ വകുപ്പിൽ നിന്ന് സ.ഉ(സാധാ)നം. 2171/2018/ആ,കു.വ; 06.07.2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (ബി) ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ഉൾപ്പെടെ അതീവ ഗുരുതര രോഗബാധിതരായവർ അംഗങ്ങളായുള്ള കുടുംബങ്ങളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | |

**സെക്ഷൻ ഓഫീസർ**